| Roll Number | | |
|---|---|---|

| CODE NUMBER | 012/1/ 1 |
|---|---|
| SET | 1 |

# INDIAN SCHOOL MUSCAT
## FIRST PRE – BOARD EXAMINATION - 2023
## MALAYALAM

CLASS: X　　　　Sub. Code: 012　　　　Time Allotted: 3 Hrs

05.12.2023　　　　Max. Marks: 80

**General Instructions:**

* The question paper is divided into **two** sections:

Section A : Reading Comprehension(V.S.A.Q)
: Vocabulary Building & Prose & Poetry (MCQ) : 40 Marks
Section B : Grammar, Composition
: Literature (Prose, Poetry & Supplementary) : 40 Marks

*Please check that this question paper contains **7** printed pages and **9** questions.

## എ വിഭാഗം/ SECTION A

1. **തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(8x1=8)**
**(ഓരോന്നിനും 1 മാർക്കുവീതം)** **(8x1=8)**

ത്യാഗത്തിൻെറയും സ്നേഹത്തിൻെറയും പ്രതിരൂപമാണ് യേശുദേവൻ. ശത്രുക്കളെയും സ്നേഹിക്കുക എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ശത്രുവിനെതിരെയുള്ള ഏറ്റവും ശക്തമായ ആയുധം സ്നേഹമാണെന്ന മഹാദർശനമാണ് യേശുദേവൻ ലോകസമൂഹത്തിന് നല്കിയത്. സ്നേഹം പ്രകടിപ്പിക്കാനുള്ള എളുപ്പവഴി ത്യാഗമാണെന്ന് യേശു നമ്മെ ഉദ്ബോധിപ്പിക്കുന്നു. തൻെറ മുപ്പതാം വയസ്സിൽ ദേശാടനത്തിനിറങ്ങിയ യേശുദേവൻ മനുഷ്യരെ നന്മയുടെ വഴിയിലൂടെ നടത്താൻ പരിശ്രമിച്ചു. ജനങ്ങൾക്കു മുമ്പിൽ നിരവധി അത്ഭുത പ്രവൃത്തികൾ കാണിച്ചതോടെ അദ്ദേഹം ഈശ്വരതുല്യമായ ആരാധനയ്ക്ക് പാത്രമായി. മതമേധാവികളുടെയും അധികാരികളുടെയും അനീതിയെ അദ്ദേഹം ചോദ്യം ചെയ്തു. ചുങ്കക്കാരെയും ചൂഷകരായ കച്ചവടക്കാരെയും ചാട്ടവാറിനടിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. യേശുവിന് അനുയായികൾ വർദ്ധിച്ചതോടെ ഭരണാധികാരികൾക്കും മതമേധാവികൾക്കും അദ്ദേഹം കണ്ണിലെ കരടായി തീർന്നു. യേശു തങ്ങളുടെ അധികാരസാമ്രാജ്യങ്ങൾക്കു ഭീഷണിയാകുമെന്ന് അവർ ഭയന്നു. ഇതേ തുടർന്ന് അധികാരവർഗ്ഗം യേശുവിനെ കുരിശുമരണത്തിന് വിധേയനാക്കി. മരണപ്പെട്ടതിന് മൂന്നാംദിവസം യേശു ഉയിർത്തെഴുന്നേറ്റു എന്നാണ് വിശ്വാസം. ഇതോടെ ലോകം മുഴുവനും യേശുവിന് അനുയായികളും ആരാധകരും ഉണ്ടായി. യേശുവിൻെറ കല്പനകൾ അനുസരിച്ച് ക്രിസ്തീയ മാർഗത്തിൽ ചരിക്കുന്ന ഒരു വലിയ സമൂഹമായി അവർ പില്കാലത്ത് വളരുകയും ചെയ്തു.

യേശുക്രിസ്തുവിൻെറ ലളിതമായ ദർശനം എന്നത് സ്നേഹം പ്രകടിപ്പിക്കാനുള്ള എളുപ്പവഴി ത്യാഗം ആണെന്നതാണ്. സഹജീവികൾക്കു വേണ്ടിയുള്ള വിട്ടുവീഴ്ചയാണ്

ത്യാഗം. ഈ മനോഭാവത്തിൽ നിന്നാണ് യഥാർത്ഥ സംസ്കാരം ഉടലെടുക്കുന്നത്. 'നിന്നെ പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക' എന്ന സന്ദേശത്തിൽ സ്നേഹത്തിൻെറ നാനാർഥങ്ങൾ ഒളിഞ്ഞിരിക്കുന്നു. ക്രിസ്തുമതത്തിൻെറ വശ്യത അയൽക്കാരന് നല്കിയ അംഗീകാരമാണെന്ന് എഴുത്തുകാരനും കവിയുമായ ഖലീൽ ജിബ്രാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യർ തമ്മിലുള്ള അകൽച്ചയുടെ പൊരുൾ അജ്ഞാനമാണെന്ന് യേശു മനുഷ്യരാശിയെ പഠിപ്പിച്ചു. യേശുവിൻെറ ഈ സന്ദേശം ഉൾക്കൊണ്ടാൽ ജാതിയുടെയും മതത്തിൻെറയും സമ്പത്തിൻെറയും അടിസ്ഥാനത്തിൽ മനുഷ്യർക്കിടയിലെ അസമത്വങ്ങൾക്കും സ്പർദ്ധകൾക്കും യാതൊരു പ്രസക്തിയും ഇല്ലെന്ന് മനസ്സിലാക്കാം. "ദൈവം നിങ്ങളെ സ്നേഹിക്കുന്നു, ദൈവം നിങ്ങളോടൊപ്പമുണ്ട്, പരസ്പരം സ്നേഹിക്കുക, പരസ്പരം സഹായിക്കുക" മനുഷ്യജീവിതം സുന്ദരമായ ഒരു അനുഭൂതിയാക്കി മാറ്റാൻ ഇതിനേക്കാൾ ശ്രേഷ്ഠമായ ഒരു സന്ദേശം വേറെ എന്താണ്?

(a) യേശുക്രിസ്തുവിൻെറ ലളിതമായ ജീവിതദർശനം എന്താണ്?

(b) യേശുദേവൻ ലോകസമൂഹത്തിന് നൽകിയ മഹാദർശനം എന്ത്?

(c) യേശുദേവൻ മതമേധാവികളുടെയും ഭരണാധികാരികളുടെയും കണ്ണിലെ കരടായി തീർന്നത് എങ്ങനെ?

(d) എഴുത്തുകാരനും കവിയുമായ ഖലീൽ ജിബ്രാൻ അഭിപ്രായപ്പെട്ടിട്ടുള്ളത് എന്ത്?

(e) യേശു മനുഷ്യരാശിയെ പഠിപ്പിച്ചത് എന്ത്?

(f) എവിടെ നിന്നാണ് യഥാർഥ സംസ്കാരം ഉടലെടുക്കുന്നത്?

(g) യേശു നമ്മെ ഉദ്ബോധിപ്പിക്കുന്നത് എന്താണ്?

(h) 'ആജ്ഞ' എന്ന അർഥത്തിൽ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് കണ്ടെത്തി എഴുതുക.

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കുവീതം)** **(7x1=7)**

കടലോരങ്ങളുടെയും കായലോരങ്ങളുടെയും സംരക്ഷണത്തിൽ പ്രകൃതി ഒരുക്കിയ കവചമാണ് കണ്ടൽ. ചെളിയും ഈർപ്പവുമുള്ള മണ്ണിൽ വളരുന്ന മരങ്ങളും കുറ്റിച്ചെടികളും പനകളും വള്ളിച്ചെടികളും പന്നൽച്ചെടികളുമൊക്കെ ചേർന്നൊരുക്കുന്ന സവിശേഷ ആവാസവ്യവസ്ഥയാണിത്. അത്രയേറെ പ്രാധാന്യം ഇവയ്ക്കുണ്ടായിരുന്നു. പ്രകൃതിയുടെ അക്വാകൾച്ചർ ഹാച്ചറികൾ എന്നുതന്നെ ഇവയെ വിശേഷിപ്പിക്കാം. എന്തുകൊണ്ടെന്നാൽ മത്സ്യങ്ങളും ജലപ്രാണികളും ഞണ്ട്, കക്ക തുടങ്ങിയവയുമൊക്കെ മുട്ടയിട്ടു ലാർവകളായി വിരിഞ്ഞു വളരുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടൽ തന്നെ. എക്കലടിഞ്ഞും മറ്റു ജൈവവസ്തുക്കൾ അലിഞ്ഞു ചേർന്നും രൂപപ്പെടുന്ന ചെളിമണ്ണിൽ ബാക്ടീരിയകളും സൂക്ഷ്മജീവികളും ആർത്തുവളരുന്നു. ഇത്രയേറെ വൈവിധ്യമാർന്ന ആവാസവ്യവസ്ഥ വേറെ ഏതുണ്ട്? മാത്രമല്ല, പ്രകൃതിയുടെ ഏറ്റവും നല്ല ജലശുദ്ധീകരണവുമാണ് കണ്ടൽ. ഉപ്പിനെ അരിച്ചെടുക്കുന്ന തരം വേരുകളാണ് ചിലതിനുള്ളത്. മറ്റുചിലതാകട്ടെ, ഇലകളിലൂടെ ഉപ്പിനെ പുറന്തള്ളുന്നു. ഇതിനൊക്കെ പുറമേ ഔഷധഗുണവും ഇവയിൽ ചിലതിനുണ്ട്. വാതം, പ്രമേഹം, ഉദരരോഗം എന്നിവയ്ക്കൊക്കെ മരുന്നായും കൊതുക്, കീടങ്ങൾ എന്നിവയെ നശിപ്പിക്കാനും കണ്ടൽ പ്രയോജനപ്പെടുന്നുണ്ട്.

വികസനത്തിൻെറ പേരിൽ വെട്ടിമാറ്റിയ കണ്ടൽക്കാടുകൾ സത്യത്തിൽ കരയെ കാക്കാൻ സൃഷ്ടിക്കപ്പെട്ടവയാണെന്ന് വൈകിമാത്രമാണ് നാം മനസ്സിലാക്കിയത്. ചുഴലിക്കൊടുങ്കാറ്റിൽ വൻമരങ്ങൾ പോലും തറപറ്റുമ്പോൾ കൂസാതെ നിലകൊള്ളാൻ കണ്ടലുകൾക്കാവും. കണ്ടലിൻെറ കവചമുണ്ടായിരുന്ന തീരങ്ങളിൽ സുനാമി മുട്ടുമടക്കിയതായാണ് റിപ്പോർട്ടുകൾ. അതിനാൽ കണ്ടലുകൾ പ്രകൃതിയുടെ രക്ഷാകവചം ആണെന്നു തന്നെ പറയാം. പ്രകൃതിയുടെ ഓരോ സൃഷ്ടിക്കും ഓരോ നിയോഗമുണ്ടെന്ന വസ്തുതയെ നിഷേധിക്കാതിരിക്കാൻ മനുഷ്യൻ ഇനിയെങ്കിലും ശ്രദ്ധിക്കേണ്ടതുണ്ട്. കടലിനു ഭിത്തികെട്ടാനായി കോടികൾ ചെലവഴിക്കുന്ന നാം കാറ്റിനേയും തിരകളേയും ചൊൽപടിക്കുനിർത്താൻ കഴിവുള്ള കണ്ടലുകളെ അവഗണിച്ചത് തീർത്തും ബുദ്ധിമോശമെന്നേ പറയേണ്ടൂ.

(a) കണ്ടലുകൾ പ്രകൃതിയുടെ രക്ഷാകവചമാണെന്നു പറയുന്നതെന്തുകൊണ്ട്?

(b) മനുഷ്യർ ചെയ്ത ബുദ്ധിമോശമായ പ്രവൃത്തി എന്ത്?

(c) എന്താണ് കണ്ടൽ?

(d) കണ്ടലിൻെറ ഏതെങ്കിലും രണ്ട് പ്രയോജനങ്ങൾ എഴുതുക.

(e) കണ്ടൽക്കാടുകളെ പ്രകൃതിയുടെ 'അക്വാകൾച്ചർ ഹാച്ചറികൾ' എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?

(f) വൈകിമാത്രം നാം മനസ്സിലാക്കിയത് എന്ത്?

(g) മനുഷ്യൻ ഇനിയെങ്കിലും ശ്രദ്ധിക്കേണ്ടത് എന്താണ്?

3. **തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **(7x1=7)**

(a) 'മരുന്ന്' എന്ന പദത്തിൻെറ പര്യായശബ്ദം തന്നിരിക്കുന്നവയിൽ ഏതാണ്?
(a) ഭോഷം (b) ഭോഷജം (c) ഭേഷജം (d) ഭേഷം

(b) 'അരി' എന്ന പദത്തിൻെറ നാനാർഥശബ്ദം ഇവയിൽ ഏതാണ്?
(a) ശത്രു (b) ചോറ് (c) വേര് (d) അരയന്നം

(c) താഴെ കൊടുത്തിരിക്കുന്നവയിൽ 'കണിശം' എന്ന പദത്തിൻെറ അർഥം ഏത്?
(a) കണിക (b) കാരണം (c) കൃത്യം (d) ക്ഷയം

(d) 'തൂമയിൽ' എന്ന പദത്തിൻെറ പിരിച്ചെഴുത്ത് ഏത്?
(a) തൂ+ മയിൽ (b) തൂമ+ മയിൽ (c) തൂ+ ഇൽ (d) തൂമ+ ഇൽ

(e) 'പരിഷ്കാരി' എന്ന പദത്തിൻെറ എതിർലിംഗം ഏത്?
(a) പരിഷ്കാരകി (b) പരിഷ്കാരിണി (c) പരിഷ്കാര (d) പരിഷ്കാരിനി

(f) 'ദു:ഖമില്ലാത്തവൻ' എന്നതിൻെറ ഒറ്റപ്പദം ഇവയിൽ ഏതാണ്?
(a) നരാധമൻ (b) നിരാമയൻ (c) പുമാൻ (d) ചപലൻ

(g) 'കലാശം, കലശം' എന്നീ പദങ്ങളുടെ ശരിയായ അർഥവ്യത്യാസം എഴുതുക.

(a) അവസാനം–കുടം (b) അവസാനം–കടം
c) കടം–അവസാനം (d) കുടം–അവസാനം

(h) 'ആഘ്രാതം' എന്ന പദത്തിൻെറ വിപരീതപദം എഴുതുക.
(a) വിഘ്രാതം (b) അനാഘ്രാതം (c) ഘ്രാതം (d) പ്രത്യാഘ്രാതം

(i) ' കരിന്തിരി' എന്ന പദത്തിൻെറ ശരിയായ വിഗ്രഹാർഥം എഴുതുക
(a) കരിയുള്ള തിരി (b) കരിയായ തിരി
(c) കരിഞ്ഞ തിരി (d) കരിയാകുന്ന തിരി

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം തെരഞ്ഞെടുത്തെഴുതുക
(a) കരിംപടം (b) കരിമ്പടം c) കരിംമ്പടം (d) കരിമ്പടം

4. **തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്കുവീതം)** **(9×2=18)**

(a) i) ഏതുമുറങ്ങാതെ വയലേലകൾ തോറും നിരന്നു നിൽക്കുന്നത് ആരാണ്?
(a) നറുമുക്കുറ്റികൾ (b) ദീപക്കുറ്റികൾ (c) നെയ്യാമ്പലുകൾ (d) തുമ്പകൾ

ii) കുഴഞ്ഞുമടങ്ങിയ കരവിരലോടെ കാത്തിരിക്കുന്നത് ആരാണ്?
(a) തുമ്പകൾ (b) നറുമുക്കുറ്റികൾ (c) നെയ്യാമ്പലുകൾ (d) കമുകിൻ പൂവുകൾ

(b) "ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാർന്നു കരുതിപ്പുരാഗതം"

i) ആർക്കാണ് കൗതുകം പാരമാർന്നത്?
(a) കവിക്ക് (b) ദിവാകരന് (c) നളിനിക്ക് (d) സന്ന്യാസിനിക്ക്

ii) 'നളിനി' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നു?
(a) മഹാകാവ്യം (b) വിലാപകാവ്യം (c) ഖണ്ഡകാവ്യം (d) സന്ദേശകാവ്യം

(c) i) കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്നത് എവിടെയാണ്?
(a) കോവിലിൽ (b) ജില്ലാശുപത്രിക്കരികിൽ (c) വിദ്യാലയമുറ്റത്ത് (d) മാളിൽ

ii) ആകാശഗോപുരങ്ങൾക്ക് താഴെ ഉറങ്ങാൻ ശ്രമിക്കുന്നത് ആരാണ്?
(a) തെരുവുകൾ (b) പെരുംമാൾ (c) വിദ്യാലയം (d) തെരുവീഥികൾ

(d) i) കോടച്ചി ആർക്കുവേണ്ടിയാണ് പൊതിച്ചോറ് തയ്യാറാക്കിയത്?
(a) വെള്ളായിയപ്പന് കഴിക്കാൻ വേണ്ടി (b) കണ്ടുണ്ണിക്ക് കൊടുക്കാൻ വേണ്ടി
(c) ബലിക്കാക്കകൾക്ക് നൽകാൻ (d) മകന് അന്ത്യകർമ്മം ചെയ്യാൻ

ii) താഴെ കൊടുത്തവയിൽ ഒ.വി വിജയന് കേരളസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?
(a) ഖസാക്കിൻെറ ഇതിഹാസം (b) ധർമ്മപുരാണം
(c) മധുരം ഗായതി (d) ഗുരുസാഗരം

(e) i) രാഗാദിസങ്കുലമായിട്ടുള്ളത് എന്താണ്?

(a) യൗവനം (b) കളത്രസുഖം (c) സംസാരം (d) ആലയസംഗമം

ii) താഴെ കൊടുത്തവയിൽ എഴുത്തച്ഛന് ചേരാത്ത വിശേഷണം ഏത്?

(a) കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

(b) ഭക്തിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

(c) ഗാഥാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

(d) ആധുനിക മലയാളഭാഷയുടെ പിതാവ്

(f) i) 'ഒന്നിനും കൊള്ളരുതാത്തവൻ' എന്ന് പഴി പറഞ്ഞേക്കാവുന്നത് ആരാണ്?

(a) കവി (b) ഭാര്യ (c) മകൻ (d) ഈശ്വരൻ

ii) 'പുറത്തേക്കശാന്തനായി കാറ്റൊന്നു കൊള്ളാനിറങ്ങിയത്' ആരാണ്?

(a) മകൻ (b) ഭാര്യ (c) ഈശ്വരൻ (d) കവി

(g) i) സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ ചാക്കുണ്ണിക്ക് തോന്നിയത് എപ്പോഴാണ്?

(a) മകന് അസുഖം പിടിപെട്ടപ്പോൾ

(b) റേഡിയോ പ്രക്ഷേപണം കഴിഞ്ഞപ്പോൾ

(c) തീർഥാടനം മുടങ്ങിയപ്പോൾ

(d) റേഡിയോ പണയം വച്ചു കഴിഞ്ഞപ്പോൾ

ii) ആളുകളോട് മാറിനിൽക്കാൻ ചാക്കുണ്ണിക്ക് പറയേണ്ടി വന്നത് എപ്പോഴാണ്?

(a) കട അടയ്ക്കുന്നതിനു വേണ്ടി

(b) റേഡിയോയിൽ പ്രക്ഷേപണം കഴിഞ്ഞതുകൊണ്ട്

(c) മുറിയിലേക്ക് കാറ്റും വെളിച്ചവും കടക്കുന്നതിനായി

(d) റേഡിയോയുടെ കണ്ഠശുദ്ധി മോശമായതുകൊണ്ട്

(h) i) താഴെ കൊടുത്തിരിക്കുന്നവയിൽ ദുര്യോധനന് ചേരാത്ത സ്വഭാവസവിശേഷത ഏതാണ്?

(a) സ്വപ്രത്യയസ്ഥൈര്യം (b) ആഭിജാത്യം

(c) യുദ്ധഭയം (d) ഹൃദയോന്നതി

ii) ദ്രോണപുത്രനെ സേനാപതിയായി അഭിഷേചിച്ചത് ആരാണ്?

(a) ദുര്യോധനൻ (b) കൃതവർമ്മാവ് (c) വേദവ്യാസൻ (d) കൃപർ

(h) i) റേഡിയോ പണയംവച്ചു കഴിഞ്ഞപ്പോൾ ചാക്കുണ്ണിക്കുണ്ടായ അനുഭവങ്ങളിൽപ്പെടാത്തത് താഴെ കൊടുത്തവയിൽ ഏതാണ്?

(a) അജ്ഞാതമായ പാട്ടിനു കാതോർത്തു

(b) തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു

(c) അളവുകൾ തെറ്റാതെ ഉടുപ്പുകൾ തുന്നി

(d) ആൾക്കൂട്ടത്തിനിടയിൽ ഏകാന്തത തോന്നി

ii) റേഡിയോ വാങ്ങാനായി ബസ്സിൽ കയറിയ ചാക്കുണ്ണിയോട് ചുറ്റുമുള്ള യാത്രക്കാരുടെ മനോഭാവം എന്തായിരുന്നു?
(a) അസൂയ (b) വിരോധം (c) കോപം (d) ആദരവ്

(h) i) അംബയുടെ പുരുഷാവതാരം ആരാണ്?
(a) ദ്രൗണി (b) കൃപർ (c) ഭീഷ്മർ (d) ശിഖണ്ഡി

ii) സർവഭൂതാത്മാവ് ആരാണ്?
(a) വേദവ്യാസൻ (b) ദ്രൗണി (c) ഭീഷ്മർ (d) നാരദമഹർഷി

## ബി വിഭാഗം/ SECTION B

5.(a) **പ്രയോഗം മാറ്റുക.** (2×1= 2)

i) ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തതയാൽ അപ്പോൾ അയാൾ വലയം ചെയ്യപ്പെട്ടു.

ii) അയാൾ നന്നേ പണിപ്പെട്ട് അവയെ ആട്ടിയകറ്റുന്നുണ്ട്.

(b) **അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** (2×1= 2)

i) ഒരു കൈയിൽ ചോറ്റുപാത്രം വയ്ക്കുന്ന സഞ്ചിയും മറുകൈയിൽ റേഡിയോയുമായി ചാക്കുണ്ണി തിരിച്ചുനടക്കും.

ii) അവരെ പകച്ചുപായുന്ന ആനകൾ ചവിട്ടിയരച്ചു.

(c) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (2×1 = 2)

i) കടിച്ചുവലിക്കാൻ വെമ്പുന്ന കുറുക്കന്മാർ വന്നു അയാളുടെ ചുറ്റും ചൂഴ്ന്നിരിക്കുന്നു.

ii) സ്ഥിരം തുണി തുന്നിക്കുന്നതിൻെറ പരിചയത്താലോ അതോ റേഡിയോ വാങ്ങാൻ പോകുന്നതിലുള്ള ബഹുമാനത്താൽ എന്തോ, കണ്ടക്ടർ അയാളിൽ നിന്ന് അന്ന് യാത്രാക്കൂലി വാങ്ങിയില്ല.

(d) **ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** (2×1 = 2)

i) പ്രീണിപ്പിക്കുക

ii) പ്രോത്സാഹിപ്പിക്കുക

iii) അന്ധാളിപ്പു നിറയുക

6.(a) **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക** (5)

i) വൃദ്ധജനങ്ങളോടുള്ള യുവതലമുറയുടെ സമീപനം

ii) കാലാവസ്ഥാവ്യതിയാനങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും

(b) ജനവാസമേഖലയിലുള്ള വന്യമൃഗങ്ങളുടെ കടന്നുകയറ്റം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി, അതിനൊരു പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രദേശവാസി എന്ന നിലയിൽ ജില്ലാകളക്ടർക്ക് ഒരു കത്തെഴുതുക. (5)

(c) അടിക്കടിയുണ്ടാകുന്ന പാചകവാതക വിലവർദ്ധനയ്ക്കെതിരെ അരുവിക്കര ഗ്രാമനിവാസികൾ നടത്തിയ പ്രതിഷേധസമരം ജനശ്രദ്ധയിൽ കൊണ്ടുവരാനുതകുന്ന ഒരു പത്രവാർത്ത തയ്യാറാക്കുക (4)

7. **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 3 മാർക്കുവീതം)** (2×3 = 6)

(a) 'വ്യാസനെയെന്നപോലെ അശ്വത്ഥാമാവിനെയും ചിരഞ്ജീവിയായി വാഴ്ത്തുന്നത് ഒരിക്കലും നിരർഥകമല്ല' എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ട്?

(b) 'ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവം ചിലരായിരുന്നു അവരെല്ലാം' – ആരെല്ലാം? എന്തുകൊണ്ടാണ് അവരെല്ലാം റേഡിയോയെ ഭയപ്പെട്ടിരുന്നത്?

(c) വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

8. **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 3 മാർക്കുവീതം)** (2×3 = 6)

(a) "എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി –
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ" – സമകാലിക സംഭവങ്ങളുമായി എത്രമാത്രം ചേർന്നുനിൽക്കുന്നവയാണ് ഈ വരികൾ?

(b) 'ഓണക്കോടിയുടുത്തൊരുഷസ്സേ,'– ഓണക്കാലപ്രഭാതത്തെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ?

(c)

"ധീരനായ യതി നോക്കി തമ്പി തൻ
ഭൂരിബാഷ്പ പരിപാടലം മുഖം" – ആരെയാണ് ഇവിടെ ധീരനായ യതി എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്? കാരണം എന്ത്?

9. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കുമാത്രം ഉത്തരമെഴുതുക.** (2×3 = 6)

i) "ഇവിടെ മലബാറിൽ ഞാൻ ഒരു മഹാനായ മനുഷ്യനെ കണ്ടു" – ആരുടെ വാക്കുകൾ? ഇവിടെ പരാമർശിച്ചിരിക്കുന്ന മഹാനായ മനുഷ്യൻ ആര്? സന്ദർഭം വിശദമാക്കുക

ii) ചട്ടമ്പിസ്വാമികളുടെ കഥകളിയിലുള്ള സാമർഥ്യത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

iii) പുത്തേഴത്ത് നാരായണമേനോൻ സ്വാമികളുടെ ഓർമശക്തി പരീക്ഷിച്ചത് എങ്ങനെ?

**END OF THE QUESTION PAPER**